“ഭരണഭാഷ മാതൃഭാഷ”

# കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

നമ്പർ : A4-2083/25/KHRWS

തീയതി : 07.05.2025

## ക്വട്ടേഷൻ നോട്ടീസ്

### വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഹെഡ് ഓഫീസിലെ ഉപയോഗത്തിനായി 5 സീറ്റിൽ കുറയാതെയുള്ള എയർകണ്ടീഷൻഡ് കാർ വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ 26.05.2025 3 PM വരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ നിബന്ധനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695 035
ടെലിഫോൺ : 0471 2306623, ടെലി. ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com

"ഭരണഭാഷ മാതൃഭാഷ"

# കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റി

(ഒരു കേരള സർക്കാർ സ്ഥാപനം)

നമ്പർ : **കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഹെഡ് ഓഫീസിലേക്ക് വാടകയ്ക്ക് വാഹനം നൽകുന്നതിനുള്ള** തീയതി

**ക്വട്ടേഷൻ നിബന്ധനകൾ**

1. വാഹനം എപ്പോഴും നല്ല കണ്ടീഷൻ ആയിരിക്കണം.
2. വാഹനം ഓടിക്കുന്ന ഡ്രൈവർ LMV വാഹനം ഓടിച്ച കുറഞ്ഞത് 5 വർഷത്തെ പരിചയമുണ്ടായിരിക്കണം.
3. വാഹന ഉടമ വാഹനത്തിന്റെ എല്ലാ രേഖകളുടെയും പകർപ്പ് സാക്ഷ്യ പ്പെടുത്തി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുമ്പോൾ വാഹനത്തിൻറെ പ്രഥമ രേഖകൾ ഹാജരാക്കേണ്ടതാണ്.
4. ഡ്രൈവർക്ക് ലൈസൻസ്, സ്ഥിരമായ മേൽവിലാസം, മൊബൈൽഫോൺ എന്നിവ ഉണ്ടായിരിക്കണം .
5. കുറഞ്ഞത് 5 സീറ്റുള്ള എ.സി. വാഹനമായിരിക്കണം. വാഹനത്തിന്റെ ഇന്ധനം,അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ വേതനം എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്.
6. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുമ്പോൾ എല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.
7. എന്തെങ്കിലും കാരണത്താൽ സ്ഥിര വാഹനത്തിനു ഓടാൻ തടസമുണ്ടെങ്കിൽ പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.
8. തിരഞ്ഞെടുക്കപ്പെടുന്ന വാഹന ഉടമ 200/- രൂപ മുദ്രപത്രത്തിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ മാനേജിംഗ് ഡയറക്ടറുമായി കരാർ ഉടമ്പടി ചമയ്ക്കേണ്ടതാണ്.
9. വാഹനങ്ങൾ നൽകുന്നതിൽ രണ്ടു തവണയിൽ കൂടാതെ വീഴ്ച വരുത്തുകയോ, ബില്ലിൽ കൃത്രിമം കാണിക്കുകയോ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ജിവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതായിരിക്കും.
10. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിവസങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എടുക്കുകയാണെങ്കിൽ അതിന്റെ മുഴുവൻ ചിലവും കരാറുകാരൻ വഹിക്കേണ്ടതാണ്.)
11. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ മാത്രം നൽകുന്നതാണ്.
12. വാഹനത്തിന്റെ വാടകയിൽനിന്നും നിയമാനുസൃത ടി.ഡി.എസ്. കിഴിവ് ചെയ്യുന്നതാണ്.

രജിസ്റ്റേർഡ് ഓഫീസ് : ജനറൽ ആശുപത്രി ക്യാമ്പസ്, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം - 695 035
ടെലിഫോൺ : 0471 2306623, ടെലി. ഫാക്സ് : 0471 2304012, ഇമെയിൽ : mdkhrws2018@gmail.com

13. ഓഫീസിൽ നിന്നും ലഭിക്കുന്ന ലോഗ് ബുക്കിൽ ഓരോ യാത്രയുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാഹനം ഉപയോഗിച്ച വ്യക്തിയുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.
14. ഓരോ ദിവസത്തെയും ലോഗ് ബുക്ക് ഫിനാൻസ് ഓഫീസറുടെ മേൽ ഒപ്പ് വാങ്ങിക്കേണ്ടതാണ്.
15. ക്വട്ടേഷൻ നിബന്ധനകളോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ഫോറത്തിൽ തുക നൽകേണ്ടതാണ്.
16. കരാർ തുടരാനും, റദ്ദാക്കാനും ഉള്ള അധികാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
17. പ്രതിമാസം കുറഞ്ഞ ദൂരമായ 2500 കിലോമീറ്ററിനുള്ള തുകയും അതിനു ശേഷമുള്ള ഓരോ അധിക കിലോമീറ്ററിനും സർക്കാർ നിശ്ചയിച്ച പ്രകാരം നിരക്ക് അനുവദിക്കുന്നതാണ്.
18. കരാറുകാരന് വാഹനം നൽകാൻ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ഒരു മാസം മുൻപ് നോട്ടീസ് നൽകേണ്ടതാണ്.
19. ക്വട്ടേഷനോടൊപ്പം 1500/- രൂപയുടെ ഇ.എം.ഡി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
20. കരാർ ലഭിക്കുന്ന വ്യക്തി ഒരു മാസം സൂചിപ്പിച്ച തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടറുടെ പേരിൽ State Bank, Thiruvananthapuram പരിധിയിൽ മാറുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
21. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ ഇനം, തീയ്യതി എന്നിവ രേഖപ്പെടുത്തി മാനേജിംഗ് ഡയറക്ടർ, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 26.05.2025 3 മണി വരെ കിട്ടത്തക്ക വിധത്തിൽ നേരിട്ടോ, തപാലിലോ എത്തിക്കേണ്ടതാണ്.. ക്വട്ടേഷൻ അന്നേ ദിവസം 4 മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിതസമയം കഴിഞ്ഞു ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല .

ക്വട്ടേഷൻ സ്വീകരിക്കുവാനും, നിരാകരിക്കുവാനും ഉള്ള അധികാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

For

മാനേജിംഗ് ഡയറക്ടർ
കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.

നോട്ടീസ് ബോർഡ്
ഫയൽ